**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1394** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ഓൺലൈൻ ഭക്ഷ്യവിതരണ ജീവനക്കാരുടെ തൊഴിൽ സുരക്ഷ</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. ഉല്ലാസ് കോവൂർ<br>ശ്രീ. വിഷ്ണു മോഹൻ<br>ശ്രീ. വി. കുഞ്ഞികൃഷ്ണൻ | ശ്രീമതി ബിന്ദു കൃഷ്ണ<br>(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി) |

**(എ)** സംസ്ഥാനത്ത് ഓൺലൈൻ വഴിയുള്ള ഭക്ഷ്യവിതരണം ചെയ്യുന്ന തൊഴിലാളികളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് ഓൺലൈൻ വഴിയുള്ള ഭക്ഷ്യവിതരണം ചെയ്യുന്ന തൊഴിലാളികളുടെ മാത്രമായി വിവരശേഖരണം നടത്തിയിട്ടില്ല.

**(ബി)** ഈ മേഖലയിൽ ജോലി ചെയ്യുന്നവരുടെ വേതനം പര്യാപ്തമാണോയെന്ന് പരിശോധിക്കുമോ;

**<u>മറുപടി:</u>**

ഓൺലൈൻ ഡെലിവറി സർവ്വീസ് മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് ലഭിക്കുന്ന വേതനം അപര്യാപ്ത മാണെന്ന് വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഓൺലൈൻ ഡെലിവറി സർവ്വീസ് മേഖലകളിൽ ഫുഡ് ഡെലിവറി തൊഴിലാളികളും ഓൺലൈൻ പ്ലാറ്റ്ഫോം തൊഴിലാളികളും, ഓൺലൈൻ ട്രാൻസ്പോർട്ടേഷൻ തൊഴിലാളികളും ഉൾപ്പെടുന്നുണ്ട്. സംസ്ഥാനത്ത് മൾട്ടിനാഷണൽ കമ്പനികളിലും ദേശീയതലത്തിൽ പ്രവർത്തിക്കുന്ന കമ്പനികളിലും ഇത്തരത്തിൽ ഏകദേശം 30000-ഓളം തൊഴിലാളികൾ ജോലി ചെയ്തുവരുന്നുണ്ട്.

ഓൺലൈൻ ഡെലിവറി മേഖലകളിൽ ജോലി ചെയ്യുന്ന ഓഫീസ് സ്റ്റാഫിന് ജോലി സമയം 8 മണിക്കൂറാണ്. എന്നാൽ ഡെലിവറി സ്റ്റാഫുകൾ പാർട്ട് ടൈം ആയും ഫുൾടൈം ആയും ജോലി ചെയ്തു വരുന്നു. പീസ്റേറ്റ് നിരക്കിലാണ് ഡെലിവറി സ്റ്റാഫിന് ശമ്പളം നൽകുന്നത്. അവർക്ക് 5 കി.മീ. ദൂരം വരെ 20/-രൂപയും തുടർന്ന് ആനുപാതികമായുള്ള ഡെലിവറി ചാർജ്ജുമാണ് ലഭിച്ചുവരുന്നത്. ഓർഡർ ടാർഗറ്റ് ചെയ്യുന്നതിനും ഇൻസെന്റീവ് ലഭിക്കുന്നതിനും സ്ത്രീകൾ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് 5 മുതൽ 8 മണിക്കൂർ വരെ ജോലി ചെയ്യേണ്ട അവസ്ഥയാണ് നിലവിലുള്ളത്. വ്യത്യസ്ത സ്ഥാപനങ്ങളിൽ ജോലി സ്വഭാവവും കമ്മീഷൻ നിരക്കുകളും വ്യത്യാസപ്പെട്ടിരിക്കുന്നു.

ഡെലിവറി ചെയ്യുന്നതനുസരിച്ചാണ് വേതനം എന്നതിനാൽത്തന്നെ കൃത്യമായ ഒരു സംഖ്യ വേതനമായി ലഭിക്കാറില്ല. ഹ്രസ്വകാല ഇടപെടലുകൾക്കായി കരാറടിസ്ഥാനത്തിൽ സ്വതന്ത്ര തൊഴിലാളികളെയോ ഫ്രീലാൻസർമാരെയോ ഓർഗനൈസേഷനുകൾ നിയമിക്കുന്ന സ്വതന്ത്രവിപണി സംവിധാനമാണെന്നതിനാൽ ഗിഗ് തൊഴിലാളികൾ പലപ്പോഴും വരുമാന അസ്ഥിരത, ആനുകൂല്യങ്ങളുടെ അഭാവം, നിയമപരിരക്ഷ ഇല്ലായ്മ മുതലായ സാഹചര്യങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. മേൽ സാഹചര്യത്തിലും ഭാവിയിൽ വലിയ തൊഴിൽമേഖലയായി രൂപപ്പെടാൻ സാധ്യതയുള്ള മേഖലയായതിനാലും ടി മേഖലയിലെ ജീവനക്കാരുടെ തൊഴിൽ സുരക്ഷയും മെച്ചപ്പെട്ട വേതനവും ഉറപ്പാക്കുന്നതിനായി മിനിമം വേതനം നിശ്ചയിക്കുന്നതിന്റെ ഭാഗമായി നിലവിൽ സർക്കാർ ഓൺലൈൻ ഡെലിവറി സർവീസ് മേഖലകളിൽ ജോലി ചെയ്തു വരുന്ന തൊഴിലാളികളെ മിനിമം വേതന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**(സി)** ഇവരുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** ഓൺലൈൻ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായും തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായും സംസ്ഥാനത്തെ ഓൺലൈൻ ഡെലിവറി (ഫുഡ് / മറ്റ് ഉൽപന്നങ്ങൾ )/ സർവീസ് മേഖലകളിൽ ജോലി ചെയ്തു വരുന്ന തൊഴിലാളികളെ 08/10/2025 തീയതിയിലെ E1/1/2023/തൊഴിൽ നമ്പർ പ്രകാരം 1948-ലെ മിനിമം വേതന നിയമത്തിന്റെ

ഷെഡ്യൂളിൽ ഉൾപ്പെടുത്തി സർക്കാർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തെ പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് വർക്കർമാർ, അഗ്രഗേറ്റേഴ്സ്, പ്രാഥമിക തൊഴിലുടമകൾ എന്നിവരുടെ

രജിസ്ട്രേഷന് വേണ്ടിയും പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് വർക്കർമാരുടെ സാമൂഹിക സുരക്ഷിതത്വം, തൊഴിൽ സുരക്ഷ ഉറപ്പവരുത്തുന്നതിനുള്ള സൗകര്യങ്ങൾക്ക് വേണ്ടിയും കേരള സംസ്ഥാന പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് വർക്കേഴ്സ് (രജിസ്ട്രേഷനും നിയന്ത്രണവും) എന്ന പേരിൽ ഒരു നിയമനിർമ്മാണം നടത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്.

**സെക്ഷൻ ഓഫീസർ**